**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 16** **23-08-2022 - ൽ മറുപടിയ്ക്ക്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം 16.45 ലക്ഷം കുടുംബങ്ങൾക്ക് പദ്ധതിയ്ക്ക് കീഴിൽ തൊഴിൽ നൽകുക വഴി 10.59 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതിലൂടെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിന്റെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന തൊഴിൽദിനങ്ങൾ സൃഷ്ടിക്കുക എന്ന നേട്ടത്തിലെത്താൻ കഴിഞ്ഞ സാമ്പത്തിക വർഷം സാധിക്കുകയുണ്ടായി. ഈ വർഷം 15.08.2022 വരെ 12.53 ലക്ഷം കുടുംബങ്ങൾക്ക് തൊഴിൽ നൽകുകയും 2.84 കോടി തൊഴിൽദിനങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്ക് ബജറ്റിൽ വകയിരുത്തൽ കുറച്ചതിന് പുറമെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ അശാസ്ത്രീയ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത് പദ്ധതിയെ ദുർബലപ്പെടുത്തുമെന്നതിനാൽ പ്രസ്തുത നടപടി തിരുത്താൻ ആവശ്യപ്പെടുമോ; | (ബി) | ഒരു ഗ്രാമപഞ്ചായത്തിൽ ഒരേ സമയം ഇരുപതിൽ കൂടുതൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനു നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ട് കേന്ദ്രസർക്കാർ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ പുതിയ വ്യവസ്ഥ സംസ്ഥാനത്തെ പദ്ധതി നിർവ്വഹണത്തെ പ്രതിലോമകരമായി ബാധിക്കുന്നുണ്ട്. ടി നടപടികൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് കേന്ദ്രസർക്കാരിന് ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിൽ കൂടുതൽ സമ്മർദ്ദം ചെലുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര ഗ്രാമവികസന മന്ത്രിയ്ക്ക് കത്ത് നൽകാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് കഴിഞ്ഞ വർഷങ്ങളിൽ 10 കോടിയിലധികം തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിടത്ത് ഈ വർഷം സംസ്ഥാനം ആവശ്യപ്പെട്ടതിന്റെ 57 | (സി) | സംസ്ഥാനത്തിന്റെ ആവശ്യകത കണക്കാക്കി 2022-23 വർഷം 10.47 കോടി തൊഴിൽദിനങ്ങൾ അനുവദിക്കുന്നതിന് പ്രപ്പോസൽ |

| | | | |
|---|---|---|---|
| | ശതമാനം മാത്രം അനുവദിച്ചത് പദ്ധതിയുടെ പ്രധാന ഗുണഭോക്താക്കളായ വനിതകളെയും ദുർബല ജനവിഭാഗങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ? | | സമർപ്പിച്ചിരുന്നെങ്കിലും 6കോടി തൊഴിൽദിനങ്ങൾക്ക് മാത്രമേ കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളൂ. എന്നാൽ ഒരു ആവശ്യാധിഷ്ഠിത പദ്ധതി എന്ന നിലയ്ക്ക് അനുവദിക്കപ്പെടുന്ന തൊഴിൽദിനങ്ങളുടെ 80% കൈവരിച്ച് കഴിഞ്ഞാൽ ലേബർ ബജറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ സംസ്ഥാനം സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ തൊഴിൽദിനങ്ങൾ അനുവദിക്കുന്നതുമായ രീതിയാണ് അനുവർത്തിച്ചു വരുന്നത്. ആയതിനാൽ കേന്ദ്രസർക്കാർ നിലവിൽ അംഗീകരിച്ചിരിക്കുന്ന ലേബർ ബജറ്റ് ആവശ്യാനുസൃതം പരിഷ്കരിക്കുമെന്നും അതുകൊണ്ട് തന്നെ നിലവിൽ അനുവദിച്ച തൊഴിൽദിനങ്ങളുടെ കുറവ് പദ്ധതിയുടെ ഗുണഭോക്താക്കളെ പ്രതികൂലമായി ബാധിക്കാൻ ഇടവരില്ല എന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ